**കേരള കാർഷിക സർവകലാശാല വാർത്തകൾ**

**(മാർച്ച് 19 – 25 , 2021)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**
**E-mail: ccmannuthy@kau.in, Phone:0487-2370773)**

No. C3/4/2021 – 13 Dt: 18.03.2021

**ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ**

പച്ചക്കറി വിളകളിൽ വിവിധതരം ജീവാണുക്കളെ ഉപയോഗിച്ച് കീടരോഗ നിയന്ത്രണം നടത്തുന്നതു വഴി വിഷമില്ലാത്ത പച്ചക്കറികൾ വിളയിക്കാം. മീലിമുട്ട കൾ, ശല്ക്കകീടങ്ങൾ എന്നിവയെ നിയന്ത്രിക്കാനുള്ള വെർട്ടിസീലിയം എന്ന കുമിളും ഇലതീനി പുഴുക്കൾക്കെതിരെയുള്ള ബ്യൂവേറിയ എന്ന കുമിളും, ചിതൽ, വേരുതീനി പുഴുക്കൾ, പച്ചത്തുള്ളന്റെ ഉപദ്രവം മൂലം പാവലിലും പടവലത്തിലും ഉണ്ടാകുന്ന ഇലകരിച്ചിൽ എന്നിവയ്ക്കെതിരെയുള്ള മെറ്റാറൈസിയം എന്ന കുമിളും വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ജൈവകീടരോഗ നിയന്ത്രണ വിഭാഗത്തിൽ (BCCP) ലഭ്യമാണ്. ഇവ 15 മുതൽ 20 ഗ്രാം വരെ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ചെടികളിൽ തളിച്ചു കൊടുക്കണം. വഴുതന, വെള്ളരി, പയറുവർഗ്ഗ വിളകൾ എന്നിവയിൽ കാണുന്ന തൈചീയൽ, കായ് ചീയൽ, തണ്ടു ചീയൽ, ഇലപ്പൊട്ട്, മഞ്ഞളിപ്പ് രോഗങ്ങൾ എന്നിവയ്ക്കെതിരെ സ്യൂഡമോണാസ് ഫ്ളൂറസൻസ്, ട്രൈക്കോഡെർമ തുടങ്ങിയ മിത്ര സൂക്ഷ്മാണുക്കൾ വളരെ ഫലപ്രദമാണ്.

മത്തൻ, പടവലം, പാവൽ, വെള്ളരി, കുമ്പളം എന്നീ പച്ചക്കറികൾക്ക് കൂടുതൽ വിളവ് ലഭിക്കുന്നതിനു വേണ്ടി ബയോവെർമി ഇട്ടു കൊടുക്കുന്നത് നല്ലതാണ്. ബയോവെർമിയിൽ മണ്ണിരക്കമ്പോസ്റ്റിനോടൊപ്പം ട്രൈക്കോഡെർമ എന്ന മിത്രകുമിളും സ്യൂഡോമോണാസ് എന്ന മിത്ര ബാക്ടീരിയയും ചേർത്തിട്ടുണ്ട്. വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ മണ്ണിരക്കമ്പോസ്റ്റ് യൂണിറ്റിൽ നിന്നും ബയോവെർമി ലഭ്യമാണ്.

വാഴയിൽ ഇലപ്പുള്ളി രോഗം കാണാൻ സാധ്യതയുണ്ട്. ഈ രോഗം നിയന്ത്രിക്കുന്നതിനായി 20 ഗ്രാം സ്യൂഡൊമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക.

പച്ചക്കറികളിൽ മണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂറ്റി ക്കുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പുരോഗം കാണാൻ സാധ്യതയുണ്ട്. 20 ഗ്രാം വെർട്ടിസീലിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക, അല്ലെങ്കിൽ വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസം ഇടവിട്ട് ഇതിന്റെ നിയന്ത്രണത്തിനായി തളിക്കുകയോ ചെയ്യുക.

കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ പയർ അല്ലെങ്കിൽ പച്ചില വളച്ചെടികളുടെ വിത്ത് പാകാവുന്നതാണ്. പയർ വിത്താണെങ്കിൽ ഹെക്ടറിന് ശരാശരി 40 കിലോഗ്രാമും, ഡെയിഞ്ച പോലുള്ള പച്ചില വളച്ചെടികൾക്ക് ഹെക്ടറിന് 20 കിലോഗ്രാം വിത്തും ആവശ്യമാണ്.

തെങ്ങിന് നന തുടരണം. തെങ്ങിൻ തടങ്ങളിൽ പുതയിടുന്നത് ജലനഷ്ടം ഒഴിവാക്കാൻ സഹായിക്കും. ഇതിനായി ഉണങ്ങിയ തൊണ്ട് ഉപയോഗിക്കാം. തൈത്തെങ്ങുകളുടെ തടിയിൽ സുഷിരങ്ങൾ ഉണ്ടെങ്കിൽ ശ്രദ്ധിക്കുക. അതിലൂടെ

ചണ്ടിയും മറ്റും പുറത്തു വരുന്നുണ്ടങ്കിൽ അത് ചെമ്പൻ ചെല്ലിയുടെ ആക്രമണം മൂലം ആകും. സുഷിരങ്ങൾ സിമന്റ്കൊണ്ട് അടച്ച് ഏറ്റവും മുകളിലത്തെ സുഷിരത്തിലൂടെ 5 മി.ലി ഇമിഡാക്ലാപ്രിഡ് 10 ലിറ്റർ വെള്ളത്തിൽ കലക്കി ഒഴിക്കുക. ഒരു തെങ്ങിന് ഉദ്ദേശം രണ്ടു ലിറ്റർ ലായനി വേണ്ടി വരും. മരുന്ന് ഒഴിച്ചശേഷം ആ സുഷിരവും അടയ്ക്കുക. ചെല്ലിയുടെ ഉപദ്രവമേറ്റ് മണ്ട മറിഞ്ഞ തെങ്ങുകൾ വെട്ടി മാറ്റി കത്തിച്ചു കളയണം.

അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്ന സാഹചര്യത്തിൽ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരിയിട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്ന് മൂന്ന് മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലു കീറിയോ, ഓരോ തെങ്ങിന്റെ കടയ്ക്ക് ചുറ്റും തടിയിൽ നിന്നും രണ്ട് മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകൾ എടുത്തോ, അതിൽ ചകിരി നിരത്തിയ ശേഷം മണ്ണിട്ടുമൂടാവുന്നതാണ്. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്ക വിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിന് മുകളിൽ മണ്ണിട്ടു മൂടണം.

കശുമാവിനെ നശിപ്പിക്കുന്ന തടിതുരപ്പനെ നിയന്ത്രിക്കുന്നതിനായി ആറുമാസത്തിലൊരിക്കലെങ്കിലും കീടം ബാധിച്ചു നശിച്ചതും നശിക്കാനിടയുള്ളതും ആയ മരങ്ങൾ തോട്ടത്തിൽ നിന്ന് നീക്കം ചെയ്യണം. മുൻകരുതലായി ചെളിയും അഞ്ച് ശതമാനം വേപ്പെണ്ണയും, കൂടിയ മിശ്രിതം അല്ലെങ്കിൽ 1:2 എന്ന അനുപാതത്തിൽ കോൾടാറും മണ്ണെണ്ണയും കൂടിയ മിശ്രിതം തടിയുടെ ഒരു മീറ്റർ വരെ ഉയരത്തിലും പുറമെ കാണുന്ന വേരുകളിലും തേച്ചു കൊടുക്കേണ്ടതാണ്.

ഔഷധ ഗുണമുള്ള ഭക്ഷ്യയോഗ്യമായ ഒരു കിഴങ്ങു വിളയാണ് കൂവ. ഇതിന്റെ നടീൽ വസ്തു കിഴങ്ങാണ്. രോഗവിമുക്തമായതും ആരോഗ്യമുള്ളതുമായ കിഴങ്ങ് വിത്തിനായി ശേഖരിക്കണം. മുളയ്ക്കാൻ ശേഷിയുള്ള ഒരു മുകുളമെങ്കിലും ഓരോ കഷ്ണം നടീൽ വസ്തുവിലും ഉണ്ടാകണം. കിളച്ചൊരുക്കിയ സ്ഥലത്ത് 30 X 15 സെ.മീ അകലത്തിൽ ചെറു കുഴികളെടുത്ത് മുകുളം മുകളിലേക്ക് വരത്തക്ക വിധം കിഴങ്ങ് നടാം. നട്ട് ഏഴു മാസം ആകുന്നതോടെ വിളവെടുക്കാം.

<u>അറിയിപ്പ്</u>

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : 0487-2370773

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാല പ്രവർത്തനം പുനരാരംഭിച്ചിരിക്കുന്നു. എല്ലാത്തരം പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ (പാവൽ, വെണ്ട, പയർ), പൊടികൾ വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്.

**നിബന്ധനകൾ**

1. കുറഞ്ഞത് 10 കിലോഗ്രാം പഴം പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ടി വസ്തുക്കളുടെ വിലയും കൂലിച്ചിലവും കർഷകർ അടയ്ക്കണം.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0487-2370773, 8089173650** എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ

ഒപ്പ്/-

പ്രൊഫസർ & ഹെഡ്